പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 209
12.06.2018 ൽ മറുപടി നൽകേണ്ടത്

## സേവന വെബ് സൈറ്റിലെ ഡാറ്റാ എൻട്രി സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശം

**ചോദ്യം**
ശ്രീ.അടൂർ പ്രകാശ്
ശ്രീ.കെ.സി.ജോസഫ്
ശ്രീ.അൻവർ സാദത്ത്
ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ

**മറുപടി**
ഡോ.ടി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷ പെൻഷന് വേണ്ടി അപേക്ഷ നൽകിയ ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് അത് അനുവദിക്കാത്തത് മൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 873504 പുതിയ പെൻഷൻകാരെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിസ്റ്റിൽ പുതുതായി ചേർത്ത് 2018 മാർച്ച് വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിസ്റ്റിൽ അനർഹരായ നിരവധി പേർ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിവരം അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽ വരികയും ചെയ്തിട്ടുണ്ട്. യാതൊരു തരത്തിലും അർഹതയില്ലാത്തവർ നിയന്ത്രണരഹിതമായി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിസ്റ്റിൽ കടന്നു വന്നാൽ ആയത് ഈ പദ്ധതിയുടെ സുസ്ഥിരതയെ തന്നെ ബാധിക്കുന്ന സ്ഥിതി ഉണ്ടാകും. അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം തടസ്സമേതുമില്ലാതെ ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ പെൻഷൻ ലിസ്റ്റ് സ്ലീംലൈൻ ചെയ്യേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് താൽക്കാലികമായി ഡേറ്റാ എൻട്രി നിർത്തി വച്ചത്. ബഡ്ജറ്റിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ സംബന്ധിച്ച് സമഗ്രമായ പരിശോധന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടികളിലേക്ക് നീങ്ങുകയുള്ളൂ. ഈ സമയം തന്നെ ഭിന്ന ശേഷി പെൻഷൻ ഡേറ്റാ എൻട്രി അനുവദിച്ചിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സേവന വെബ് സൈറ്റിൽ ഇതിന്റെ ഡാറ്റാ എൻട്രി നടത്തുന്നത് നിർത്തിവയ്ക്കണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ഒരു നിർദ്ദേശം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കാമോ; | |
| (സി) | അർഹരായ പാവപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ സേവന വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അനുമതി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ, വിശദീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ